**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1235** **04-07-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ച കോടാലി-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട് - മുപ്ലിയം - കോടാലി റോഡ്, പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ്, മലയോര ഹൈവേ എന്നീ റോഡുകളുടെ നിർമ്മാണം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | കൊടകര-വെള്ളിക്കുളങ്ങര റോഡ് പ്രവൃത്തിക്ക് 20/08/2016 ൽ 20 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 21.34 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചു. 12/11/2019 ൽ 18 മാസം പൂർത്തീകരണ കാലാവധിയോടെ കരാർ ഒപ്പുവെച്ചെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭി ച്ചിട്ടില്ല. ആയതിനാൽ കരാറുകാരനെ ഒഴിവാക്കി, റീ ടെണ്ടർ ചെയ്യുന്നതിനായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ഡിവിഷൻ തലത്തിൽ തയ്യാറാക്കി വരികയാണ്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾസ്വീകരിക്കുന്നതാണ്.<br><br><u>പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്</u><br><br>പുതുക്കാട് - മുപ്ലിയം - കോടാലി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 1.11.2016 ൽ 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി കിഫ്ബിയിൽ നിന്നും 15.02.2020 ൽ 59.2 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് എഫ്.ഡി.ആർ (Full Depth Reclamation) ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനായുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br><u>പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ്</u><br><br>പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തിക്ക് 10.07.2017 ൽ 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതിനൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 06.08.2020 ൽ 39.49 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്. റോഡിന്റെ പുറമ്പോക്ക് |

| | | | |
|---|---|---|---|
| | | | അതിർത്തി നിർണ്ണയിക്കുന്നതിനുള്ള സർവ്വേ നടന്നുവരികയാണ്.<br><br>**<u>മലയോരഹൈവേ</u>**<br><br>പുതുക്കാട് മണ്ഡലത്തിലൂടെ കടന്നു പോകുന്ന മലയോര ഹൈവേയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>വിലങ്ങന്നൂർ -വെള്ളിക്കുളങ്ങര (30.925 km)</u>** പ്രസ്തുത പ്രവൃത്തിക്ക് 10.07.2017 ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 20/03/2022 ൽ 136.499 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിയ്ക്കായി 144.22 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരളാ റോഡ് ഫണ്ട് ബോർഡിന്റെ 04.04.2022 ലെ ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരിന്നെങ്കിലും ആയത് ഭൂമി ലഭ്യത ഉറപ്പാക്കിയതിനുശേഷം പുനർസമർ പ്പിക്കുവാനായി ഡിവിഷനിലേയ്ക്ക തിരികേ നൽകിയിട്ടുണ്ട്. സൗജന്യമായി ഭൂമി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ നീക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കൊടകര-വെള്ളിക്കുളങ്ങര റോഡ് പ്രവൃത്തിക്ക് 20/08/2016 ൽ 20 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 21.34 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചു. 12/11/2019 ൽ 18 മാസം പൂർത്തീകരണ കാലാവധിയോടെ കരാർ ഒപ്പുവച്ചെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭി ച്ചിട്ടില്ല. ആയതിനാൽ കരാറുകാരനെ ഒഴിവാക്കി, റീ ടെണ്ടർ ചെയ്യുന്നതിനായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ഡിവിഷൻ തലത്തിൽ തയ്യാറാക്കി വരികയാണ്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾസ്വീകരിക്കുന്നതാണ്.<br><br><u>പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്</u> |

| | | | |
|---|---|---|---|
| | | | പുതുക്കാട് - മുപ്ലിയം - കോടാലി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 1.11.2016 ൽ 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി കിഫ്ബിയിൽ നിന്നും 15.02.2020 ൽ 59.2 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് എഫ്.ഡി.ആർ (Full Depth Reclamation) ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനായുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br><u>പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ്</u><br><br>പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തിക്ക് 10.07.2017 ൽ 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതിനൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 06.08.2020 ൽ 39.49 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്. റോഡിന്റെ പുറമ്പോക്ക് അതിർത്തി നിർണ്ണയിക്കുന്നതിനുള്ള സർവ്വേ നടന്നുവരികയാണ്.<br><br>**<u>മലയോരഹൈവേ</u>**<br><br>പുതുക്കാട് മണ്ഡലത്തിലൂടെ കടന്നു പോകുന്ന മലയോര ഹൈവേയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>വിലങ്ങന്നൂർ -വെള്ളിക്കുളങ്ങര (30.925 km)</u>** പ്രസ്തുത പ്രവൃത്തിക്ക് 10.07.2017 ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 20/03/2022 ൽ 136.499 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിയ്ക്കായി 144.22 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരളാ റോഡ് ഫണ്ട് ബോർഡിന്റെ 04.04.2022 ലെ ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരിന്നെങ്കിലും ആയത് ഭൂമി ലഭ്യത ഉറപ്പാക്കിയതിനുശേഷം പുനർസമർ പ്പിക്കുവാനായി ഡിവിഷനിലേയ്ക്ക് തിരികേ നൽകിയിട്ടുണ്ട്. സൗജന്യമായി ഭൂമി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ